(എ) സംസ്ഥാനത്ത് വിവിധ കോടതികളിൽ തീർപ്പാക്കാതെ എത്ര കേസുകളാണ് കെട്ടിക്കിടക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) തീർപ്പാകാത്ത ഈ കേസുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് കൂടുതൽ മുൻസിഫ് മജിസ്ട്രേറ്റ്, കുടുംബ കോടതികൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇതു സംബന്ധിച്ച് കേന്ദ്രഗവൺമെന്റിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ;

(ഇ) കൂടുതൽ കോടതികൾ ആരംഭിക്കാൻ കേന്ദ്രത്തിൽനിന്ന് എന്തെങ്കിലും ധനസഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വിവിധ കോടതികളിൽ ഹൈക്കോടതി ഉൾപ്പെടെ 31-12-2002 വരെ ഏകദേശം 814,455 കേസുകൾ തീർപ്പാക്കാനുണ്ട്.

(ബി) കെട്ടിക്കിടക്കുന്ന കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് സംസ്ഥാനത്ത് 27 ഫാസ്റ്റ് ട്രാക്ക് കോടതികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത കോടതികളുടെ പ്രവർത്തനം സുപ്രീം കോടതി ഓരോ മൂന്നുമാസം കൂടുമ്പോഴും അവലോകനം ചെയ്തുവരുന്നു.

(സി) മുൻസിഫ്, മജിസ്ട്രേറ്റ് കോടതികൾ തുടങ്ങുന്നതിനുള്ള നിർദ്ദേശമൊന്നും തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല. കൂടുതൽ കുടുംബകോടതികൾ സ്ഥാപിക്കാനുള്ള നിർദ്ദേശം പരിഗണനയിലുണ്ട്.

(ഡി) കുടുംബ കോടതികൾക്ക് കേന്ദ്ര സഹായം ലഭിക്കുമെന്ന് കേന്ദ്രഗവൺമെന്റ് അറിയിച്ചിട്ടുണ്ട്.

(ഇ) തിരുവല്ല, കണ്ണൂർ എന്നീ കുടുംബകോടതികൾക്ക് കേന്ദ്രവിഹിതമായി 30 ലക്ഷം രൂപ 2002-03 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുണ്ട്.

അബ്കാരി കോടതി സ്ഥാപിക്കുന്നതിനുള്ള കാലതാമസം

76 [5220] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര അബ്കാരി കോടതി സ്ഥാപിക്കുന്നതിനുള്ള സർക്കാർ തീരുമാനം വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) മുമ്പ് ഇവിടെ പ്രവർത്തിച്ചിരുന്ന കോടതികൾ പുതിയ കോംപ്ലക്സിൽ മാറ്റിയതിനുശേഷം പഴയ കോടതികളിൽ എന്തെങ്കിലും പ്രവർത്തനമുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) നെയ്യാറ്റിൻകരയിലെ ജുഡീഷ്യൽ ഉദ്യോഗസ്ഥരിൽ എത്ര പേർ വാടക കെട്ടിടത്തിൽ താമസിക്കുന്നു; ഇതിനായി ഓരോ മാസവും വാടക ഇനത്തിൽ ഓരോരുത്തർക്കും എന്തു തുക ചെലവിടുന്നു;

(ഡി) ഈ ഉദ്യോഗസ്ഥരെ വാടക കെട്ടിടങ്ങളിൽ നിന്നും പഴയ കോടതി പ്രവർത്തിപ്പിച്ചിരുന്ന കെട്ടിടങ്ങളിലേക്ക് മാറ്റി ചെലവ് ചുരുക്കൽ പ്രക്രിയ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) പബ്ലിക് പ്രോസിക്യൂട്ടർക്ക് ബാർ അസോസിയേഷൻ ഹാളിൽ മുറി നൽകാത്തതുമൂലം പുതിയ കോടതി പ്രവർത്തനം തുടങ്ങാൻ വൈകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) പ്രസ്തുത പബ്ലിക് പ്രോസിക്യൂട്ടർക്ക് ഒഴിഞ്ഞു കിടക്കുന്ന പഴയ കോടതി കെട്ടിടത്തിൽ തന്നെ സ്ഥലം നൽകുവാൻ സർക്കാർ അടിയന്തിര നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) നെയ്യാറ്റിൻകരയിൽ അനുവദിച്ച അബ്കാരി കോടതിക്ക് സ്ഥലസൗകര്യം ലഭ്യമല്ലാത്തതിനാലാണ് പ്രവർത്തനം ആരംഭിക്കാൻ വൈകുന്നത്. ഇതിനായി നെയ്യാറ്റിൻകര കോടതി സമുച്ചയത്തിൽ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് ജില്ലാ ജഡ്ജിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പുതിയ കോടതി സമുച്ചയത്തിലേക്ക് മാറ്റിയ കോടതികൾ വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിച്ചിരുന്നത്.

(സി) നാല് ജുഡീഷ്യൽ ഓഫീസർമാർ വാടകക്കെട്ടിടങ്ങളിലാണ് താമസിക്കുന്നത്. ഓരോരുത്തർക്കും ഇതിനായി ചിലവിടുന്ന തുക താഴെ കൊടുക്കുന്നു:

1. നെയ്യാറ്റിൻകര ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ്—2500 രൂപ.
2. ഫസ്റ്റ്ക്ലാസ് അഡീഷണൽ മുൻസിഫ്, നെയ്യാറ്റിൻകര—2500 രൂപ.
3. എം. എ. സി. റ്റി. ജഡ്ജി—3000 രൂപ.
4. സബ്ജഡ്ജി, നെയ്യാറ്റിൻകര—2395 രൂപ.

(ഡി) നീതിന്യായ വകുപ്പിന്റെ കീഴിൽ ഒഴിവുള്ള കെട്ടിടങ്ങൾ ഒന്നും തന്നെ നിലവിലില്ല.

(ഇ) ഇല്ല.

(എഫ്) ബാധകമല്ല.

അതിരുതർക്കം സംബന്ധിച്ച് സോമശേഖരൻ നായരുടെ പരാതി

77 [5221] ശ്രീ. കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി സംബന്ധിച്ച് സിവിൽ കോടതിയിൽ അതിരുതർക്കം നിലവിലിരിക്കുമ്പോൾ തർക്കമുള്ള കക്ഷികളിലെ ഒരാൾ ആ ഭൂമിയുമായി ബന്ധപ്പെട്ട് കുറ്റകൃത്യം കാണിക്കുന്നതിനെപ്പറ്റി പോലീസിൽ പരാതി ലഭിക്കുമ്പോൾ പോലീസ് നടപടി സ്വീകരിക്കാറുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly